# വിവേകാനന്ദ

## എഡ്യൂക്കേഷണൽ & കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ്


**കൊടകര, പി.ഒ. പേരാമ്പ്ര**

രജി. നമ്പർ. 91/4/94

ഫോൺ : 8547381548


E-mail : vivekanandatrustperambra@gmail.com

Website : www.vivekanandatrustkodakara.com

YouTube www.youtube.com/c/veacct


# വാർഷിക റിപ്പോർട്ട്

# 2022-2023



## വാർഷിക പൊതുയോഗം

തിയ്യതി : 30.12.2023, ശനിയാഴ്ച

സമയം : ഉച്ചതിരിഞ്ഞ് 3 മണി

സ്ഥലം : സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, പേരാമ്പ്ര



ട്രസ്റ്റ് സംഘടിപ്പിച്ച അധ്യാപക പരിശീലനത്തിന്റെ ഉദ്ഘാടനം വിദ്യാഭാരതി അഖില ഭാരതീയ കാര്യകാരി സദസ്യൻ മാന്യ കാശിപതിജി നിർവ്വഹിക്കുന്നു.



സരസ്വതി വിദ്യാനികേതനിലെ സ്വാതന്ത്ര്യദിനാഘോഷത്തിൽ മുഖ്യപ്രഭാഷകൻ
ശ്രീ കെ. ജി. അച്യുതൻ മാസ്റ്റർക്ക് മാനേജർ
ശ്രീ. ടി. കെ. സതീഷ് സ്നേഹോപഹാരം സമർപ്പിക്കുന്നു.



ശ്രീരാമകൃഷ്ണ വിദ്യാനികേതൻ വാർഷികാഘോഷം ബഹു എംഎൽഎ കെ.കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.




പഠനയാത്രയുടെ ഭാഗമായി വിവേകാനന്ദ വിദ്യാനികേതനിലെ വിദ്യാർത്ഥികൾ തൈക്കാട്ടുശ്ശേരി ആയുർവേദ മ്യൂസിയം സന്ദർശിക്കുന്നു.




ജനത യുപി സ്കൂളിൽ
പുതിയതായി നിർമ്മിച്ച അടുക്കള



ബിവിഎൻ ജില്ലാ ശാസ്ത്രമേളയിൽ ഓവറോൾ കിരീടം നേടിയ
സരസ്വതി വിദ്യാനികേതൻ ടീം



പത്താം ക്ലാസിലെ മികച്ച വിജയത്തിന് ബഹു ജില്ലാ കളക്ടർ ശ്രീ കൃഷ്ണതേജ IAS അവർകളിൽനിന്നും ശ്രീരാമകൃഷ്ണ വിദ്യാനികേതൻ വൈസ് പ്രിൻസിപ്പാൾ ശ്രീമതി അജി വേണുഗോപാൽ പുരസ്കാരം ഏറ്റുവാങ്ങുന്നു.



സരസ്വതി വിദ്യാനികേതനിലെ കെ. ജി. വിദ്യാർത്ഥികളുടെ ഒരു ദിവസത്തെ സഹവാസ ശിബിരം

# വാർഷിക പൊതുയോഗ ക്ഷണപത്രിക

ധന്യാത്മൻ,

വിവേകാനന്ദ ട്രസ്റ്റിന്റെ പ്രവർത്തനം 30-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുവാനും വരുന്ന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും വേണ്ടി ട്രസ്റ്റിന്റെ ഇരുപത്തിയൊമ്പതാം വാർഷിക പൊതുയോഗം **2023 ഡിസംബർ 30 – ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ** വച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

ഈ യോഗത്തിലേക്ക് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ അകമഴിഞ്ഞ് സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള എല്ലാ അംഗങ്ങളേയും സ്നേഹാദരപൂർവ്വം ക്ഷണിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേർന്ന് ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

എന്ന് ട്രസ്റ്റ് ഭരണസമിതിക്കുവേണ്ടി,

| | | |
|---|---|---|
| കൊടകര, | ചെയർമാൻ | സെക്രട്ടറി |
| 30-11-2023 | എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## കാര്യപരിപാടി

| | | |
|---|---|---|
| ദീപപ്രജ്വാലനം | - | **ഡോ. ഡി പ്രഭാകരൻ നായർ**, രക്ഷാധികാരി |
| പ്രാർത്ഥന | | **ശ്രീ എ ജി ബാബു**, വൈസ് ചെയർമാൻ |
| സ്വാഗതം | - | **ശ്രീ വി വി രാജേഷ്കുമാർ** ജോയന്റ് സെക്രട്ടറി |
| അനുശോചനം | - | **ശ്രീ. എ ഡി തിലകൻ**, ഡയറക്ടർ |
| മിനുട്സ് പാസാക്കൽ | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| പ്രവർത്തന വൃത്താന്തം | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| അദ്ധ്യക്ഷപ്രസംഗം | - | **ശ്രീ. എൻ.പി.മുരളി**, ചെയർമാൻ |
| 2022-2023 ലെ കണക്ക് അവതരണം | - | **ശ്രീ. കെ.എസ്.സുരേഷ്**, ട്രഷറർ |
| ചർച്ച - ഭാവി പ്രവർത്തനങ്ങൾ | - | **ശ്രീ. എം.വേണുമാസ്റ്റർ**<br>ഭാവിനി സംസ്ഥാന ഉപാദ്ധ്യക്ഷൻ |
| പ്രമേയാവതരണം | - | **ശ്രീ. എൻ.പി.ശിവൻ**, എക്സിക്യൂട്ടീവ് ഡയറക്ടർ |
| അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ | - | |
| കൃതജ്ഞത | - | **ശ്രീമതി രമാകൃഷ്ണൻകുട്ടി**, എക്സിക്യൂട്ടീവ് ഡയറക്ടർ |

**കുറിപ്പ്:-**

1. ട്രസ്റ്റുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ 2023 ഡിസംബർ 26-ാം തിയ്യതിക്കുമുമ്പായി ട്രസ്റ്റോഫീസിൽ വിവരം എഴുതി നൽകേണ്ടതാണ്.
2. ട്രസ്റ്റിനുകീഴിലുള്ള വിദ്യാലയങ്ങളിൽ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ വിജയദശമി ദിവസം മുതൽ ആരംഭിച്ചിരിക്കുന്നു. മെമ്പർമാരുടെ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ ചേർക്കുവാൻ അതാത് വിദ്യാലയവുമായി ബന്ധപ്പെടുക.
3. ട്രസ്റ്റ് മെമ്പർമാരുടെ അഡ്രസ്സിലോ മറ്റോ വരുന്ന മാറ്റങ്ങൾ ഇമെയിൽ മുഖേനെയോ 9447816868 എന്ന നമ്പറിലേക്ക് വാട്സ്ആപ് ആയോ അറിയിക്കണമെന്ന് അപേക്ഷ.
4. കഴിഞ്ഞ വർഷം ഉന്നത വിജയം/നേട്ടം കൈവരിച്ചിട്ടുള്ള ട്രസ്റ്റ് മെമ്പർമാരുടെ കുടുംബങ്ങളിലുള്ളവരെ അനുമോദിക്കുന്നതിനായി അവരുടെ പേരും വിവരങ്ങളും 2023 ഡിസംബർ 26 ന് മുമ്പായി ട്രസ്റ്റോഫീസിൽ അറിയിക്കേണ്ടതാണ്.

## 2022 ഡിസംബർ 31-ാം തിയ്യതി നടന്ന വാർഷിക പൊതുയോഗത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്

വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ 28-ാം വാർഷിക പൊതുയോഗം 2022 ഡിസംബർ 31-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ വച്ച് കൂടുകയുണ്ടായി. ബഹു. ട്രസ്റ്റ് ചെയർമാൻ ശ്രീ.എൻ.പി.മുരളി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് ചെയർമാൻ ഡോ ഡി പ്രഭാകരൻ നായർ ദീപപ്രജ്വാലനം നടത്തി. ഈശ്വര പ്രാർത്ഥനക്കുശേഷം ജോയന്റ് സെക്രട്ടറി ശ്രീ എ ഡി തിലകൻ അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് കഴിഞ്ഞ വർഷം നമ്മെ വിട്ടുപിരിഞ്ഞ ട്രസ്റ്റ് മെമ്പർമാരായ വി ഉണ്ണിമേനോൻ, വെമ്മനാട്ട് വീട് കൊടകര, ഒ ഡി സജീവൻ, ഒറവന്തുരുത്തി വീട്, പുത്തൻചിറ, നന്തിക്കര ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ എട്ടാംക്ലാസ് വിദ്യാർത്ഥിനി ശിവാനി സുനിൽ, ഭാരതീയ വിദ്യാനികേതൻ സംസ്ഥാന സമിതി അംഗവും, പാലക്കാട് വ്യാസ വിദ്യാനികേതൻ പ്രിൻസിപ്പളുമായ ദേവൻ മാസ്റ്റർ കൂടാതെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ, രാജനൈതിക രംഗങ്ങളിലെ നമ്മെ വിട്ടുപിരിഞ്ഞവർ, നാടിന്റെ രക്ഷയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ധീരജവാന്മാർ, ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച് മണ്ണിലേക്ക് മടങ്ങിയ ഈ പുണ്യാത്മാക്കളെ സ്മരിച്ചുകൊണ്ട് ഡയറക്ടർ ശ്രീ.എം.കൃഷ്ണകുമാർ അവർകൾ അനുശോചനം രേഖപ്പെടുത്തി. അതിനുശേഷം ഒരു മിനിട്ട് മൗനം ആചരിച്ചു. ശേഷം ശാന്തിമന്ത്രം ചൊല്ലി.

മുൻയോഗ മിനുട്സ് സെക്രട്ടറി ശ്രീ.ടി.സി.സേതുമാധവൻ അവർകൾ അവതരിപ്പിച്ചു. അത് ഓങ്കാരത്തോടെ പാസാക്കി. തുടർന്ന് 2021-2022 ലെ പ്രവർത്തന വൃത്തവും അവതരിപ്പിച്ചു. 1994 ൽ പരിമിതമായ സൗകര്യത്തിൽ ആരംഭിച്ച പ്രവർത്തനം ഇന്ന് വളരെ വിപുലമായി മാറിയെന്നും ട്രസ്റ്റിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ എല്ലാ ട്രസ്റ്റ് മെമ്പർമാരും മുന്നോട്ടു വരണമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ ശ്രീ എൻ പി മുരളി അവർകൾ സൂചിപ്പിച്ചു. 2021-22 ലെ കണക്കുകൾ ട്രഷറർ ശ്രീ.കെ.എസ്. സുഗേഷ് അവർകൾ അവതരിപ്പിച്ചു. മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ട്രസ്റ്റിന്റെ സാമ്പത്തിക സ്ഥിതി ആശ്വാസകരമാണെന്നും, ബാദ്ധ്യതകൾ കുറഞ്ഞു വരികയാണെന്നും, കഴിഞ്ഞ വർഷം 20 ലക്ഷം രൂപയുടെ ഫീസ് ഇളവ് ട്രസ്റ്റിന് കൊടുക്കാൻ സാധിച്ചതായും ട്രഷറർ ശ്രീ കെ എസ് സുഗേഷ് അവർകൾ സൂചിപ്പിച്ചു. കണക്കുകൾ ഓങ്കാരത്തോടെ പാസാക്കി. മൂന്നു വർഷം കൂടുമ്പോൾ നടക്കാറുള്ള തെരഞ്ഞെടുപ്പ് വരണാധികാരി ശ്രീ.എം.വേണുമാസ്റ്റർ നിയന്ത്രിച്ചു. നാമനിർദ്ദേശപത്രിക സമർപ്പിച്ച ശ്രീ.എ ഡി തിലകൻ, ശ്രീ.എം കൃഷ്ണകുമാർ, ശ്രീമതി രമാകൃഷ്ണൻകുട്ടി, ശ്രീ വി എം മോഹനൻ എന്നിവരെ എതിരില്ലാതെ ഡയറക്ടർ ബോർഡിലേക്ക് തെരഞ്ഞെടുത്തതായി വരണാധികാരി അറിയിച്ചു. ശ്രീ ടി എം കൃഷ്ണൻകുട്ടി അവർകളുടെ നിര്യാണത്തെ തുടർന്ന് വന്ന സ്ഥിരാംഗങ്ങളുടെ ഒഴിവിലേക്ക് ശ്രീ വി വി രാജേഷ്കുമാർ അവർകളെ സ്ഥിരാംഗങ്ങളുടെ ഡയറക്ടർ ബോർഡ് മീറ്റിംഗിൽ തിരഞ്ഞെടുത്തത് പൊതുയോഗത്തിൽ പറഞ്ഞു. ഡോ.ഡി പ്രഭാകരൻനായർ, ഡോ എ രാധാകൃഷ്ണൻ എന്നിവരെ ട്രസ്റ്റിന്റെ രക്ഷാധികാരികളാക്കുവാൻ പൊതുയോഗത്തിൽ തീരുമാനിച്ചു.

ചർച്ചകൾക്ക് ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ എം.വേണുമാസ്റ്റർ നേതൃത്വം നൽകി. വിദ്യാഭ്യാസ രംഗത്ത് പ്ലസ് ടു കഴിഞ്ഞുള്ള തുടർ പഠനത്തിനുള്ള പ്രവർത്തനം ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്നും, സ്വാവലംബി രാഷ്ട്രം എന്ന ലക്ഷ്യത്തിലേക്ക് ട്രസ്റ്റിന്റെ പ്രവർത്തനം മാറേണ്ടതുണ്ടെന്നും അതിന് എല്ലാ ട്രസ്റ്റ് മെമ്പർമാരുടേയും സഹകരണം ഉണ്ടാവണമെന്നും ചർച്ചകൾ ക്രോഡീകരിച്ച വേണുമാസ്റ്റർ പറഞ്ഞു. മയക്കുമരുന്ന് വിമുക്ത കേരളം സൃഷ്ടിക്കാനാവശ്യമായ ശക്തമായ എല്ലാ നടപടികളും പ്രവർത്തനങ്ങളും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ട് എക്സിക്ക്യൂട്ടീവ് ഡയറക്ടർ ശ്രീ എൻ പി ശിവൻ അവർകൾ അവതരിപ്പിച്ച പ്രമേയം ഡയറക്ടർ ശ്രീ പി പി രാധാകൃഷ്ണൻ അവർകൾ പിന്താങ്ങി. പ്രമേയം ഓങ്കാരത്തോടെ പാസാക്കി. ട്രസ്റ്റ് ജോയന്റ് സെക്രട്ടറി ശ്രീ. വി വി രാജേഷ്കുമാർ അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് മംഗളശ്ലോകത്തോടെ യോഗം പര്യവസാനിച്ചു.

എന്ന്, സ്നേഹത്തോടെ,

| | |
|---|---|
| ചെയർമാൻ | സെക്രട്ടറി |
| എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## പ്രവർത്തന വൃത്തം

ഭാരതീയ സംസ്കൃതിയുടെ മഹത്വം ലോകജനതക്ക് മുന്നിൽ അവതരിപ്പിച്ച സ്വാമി വിവേകാനന്ദന്റെ നാമധേയത്തിൽ 1994 ൽ പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിലെ മഠാധിപതിയായിരുന്ന സംപൂജ്യ മൃഢാനന്ദ സ്വാമികളുടെ പവിത്ര കരങ്ങളാൽ ആരംഭിച്ച വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ് അതിന്റെ പ്രവർത്തനം 29 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഒരു സിബിഎസ്ഇ സീനിയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും ഒരു ഹയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും രണ്ട് എൻഐഒഎസ് അഫിലിയേറ്റഡ് വിദ്യാലയവും ഒരു എയ്ഡഡ് യു.പി. വിദ്യാലയവും ഒരു ഹോസ്റ്റലും അടക്കം ആറ് സ്ഥാപനങ്ങൾ ഇപ്പോൾ ട്രസ്റ്റിന് കീഴിലായി പ്രവർത്തിക്കുന്നുണ്ട്. ട്രസ്റ്റിലെ വിദ്യാലയങ്ങളിലായി ഇപ്പോൾ 2727 വിദ്യാർത്ഥികളും 253 അധ്യാപക-അനധ്യാപകരും ഉണ്ട്. വിവിധ സ്ഥാപനങ്ങളിലായി സ്വന്തമായ 40 വാഹനങ്ങളും 1460 സെന്റ് സ്ഥലവും ട്രസ്റ്റിന് സ്വന്തമായിട്ടുണ്ട്. ട്രസ്റ്റിന് ഇപ്പോൾ ആകെ 690 മെമ്പർമാരാണുള്ളത്.

ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും അവലോകനം ചെയ്യുവാനും 11 ഡയറക്ടർ ബോർഡ് യോഗങ്ങളും 6 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും നടത്തി. കൂടാതെ വിദ്യാലയങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി പ്രിൻസിപ്പാൾ മാനേജർ യോഗവും മാസംതോറും നടത്തിവരുന്നു.

2023 മെയ് 12 ന് ട്രസ്റ്റിലെ മുഴുവൻ അധ്യാപകർക്കും വേണ്ടി ഒരു ദിവസത്തെ ട്രെയ്നിംഗ് കോഴ്സ് നടത്തി. വിദ്യാഭാരതി അഖില ഭാരതീയ കാര്യകാരി സദസ്യൻ ശ്രീ ജെ എം കാശിപതിജി ട്രെയ്നിംഗ് പരിപാടി ഉദ്ഘാടനം ചെയ്തു. ഭാരതീയ വിദ്യാനികേതൻ സംസ്ഥാന സംഘടനാ സെക്രട്ടറി ശ്രീ ആർ അനീഷ് പരിപാടിയിൽ പങ്കെടുത്തു. സിബിഎസ്ഇ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.എം ദിനേഷ്ബാബു അധ്യാപകർക്കുള്ള പരിശീലനത്തിന് നേതൃത്വം കൊടുത്തു. 127 അധ്യാപകരാണ് പരിശീലനത്തിൽ പങ്കെടുത്തത്. 2022-23 അക്കാദമിക് വർഷത്തിൽ ട്രസ്റ്റിലെ വിദ്യാലയങ്ങളിലൂടെ അർഹരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 20 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നല്കുകയുണ്ടായി. ശ്രീരാമകൃഷ്ണ, സരസ്വതി എന്നിവടങ്ങളിലെ പൂർവ്വ വിദ്യാർത്ഥി ആയിരുന്ന ശ്രീ എ അനന്തകൃഷ്ണൻ  ഇന്ത്യൻ മാരിടൈം സർവ്വകലാശാലയിൽ നിന്നും നേവൽ ആർക്കിടെക്ച്ചർ ആന്റ് ഓഷ്യൻ എഞ്ചിനീറിംഗിൽ ഒന്നാം റാങ്കും സ്വർണ്ണമെഡലും നേടി എംടെക് ബിരുദം കരസ്ഥമാക്കുകയും ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതിയിൽ നിന്ന് ആദരവ് സ്വീകരിക്കുകയും ചെയ്തത് ട്രസ്റ്റിനെ സംബന്ധിച്ചിടത്തോളം അഭിമാന മുഹൂർത്തങ്ങളിലൊന്നായിരുന്നു.

ഭാരതീയ വിദ്യാനികേതൻ സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ ഗോപാലൻകുട്ടി മാസ്റ്റർ, സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ എം വേണുമാസ്റ്റർ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ആർ വി ജയകുമാർ എന്നിവർ ട്രസ്റ്റിന്റെ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയുതു.

### സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, കൊടകര

ഫോൺ 9048383804

**Email: saraswathycbse179@gmail.com**

**Website: www.saraswathycbsekodakara.com**

വിവേകാനന്ദ ട്രസ്റ്റിന് കീഴിൽ ISO 9001-2015 അംഗീകാരത്തോടെ 30 വർഷമായി പ്രവർത്തിച്ചുവരുന്ന വിദ്യാലയം പഞ്ചാംഗ ശിക്ഷണത്തിലൂടെ, ആധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തികൊണ്ട് ജീവിതവിജയത്തിന് ആവശ്യമായതെല്ലാം പകർന്നുകൊടുത്ത് വരും തലമുറയെ തനതായ വ്യക്തിത്വമുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള, കഴിവുറ്റ പ്രതിഭകളാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുന്നിൽവച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശ്രീ ടി കെ സതീഷ് മാനേജരായും ശ്രീ പി ജി ദിലീപ് പ്രധാന അധ്യാപകനായും സേവനമനുഷ്ഠിക്കുന്ന വിദ്യാലയത്തിൽ 1016 വിദ്യാർത്ഥികളും 62 അധ്യാപകരും 37 അനധ്യാപകരുമാണ് ഉള്ളത്. അക്കാദമിക് രംഗത്ത് എടുത്ത് പറയേണ്ട നേട്ടം പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ വിജയം ആണ്. പത്താം ക്ലാസ് പരീക്ഷയിൽ 85 കുട്ടികൾ പരീക്ഷയെഴുതിയതിൽ എം നന്ദനകൃഷ്ണ 97.4% മാർക്ക് വാങ്ങി വിദ്യാലയത്തിന്റെ അഭിമാനമായി മാറി. പ്ലസ് ടു പരീക്ഷയിൽ 71 കുട്ടികൾ പരീക്ഷ എഴുതുകയും അതിൽ 98% മാർക്ക് വാങ്ങി തരുൺവാര്യർ സയൻസ് വിഭാഗത്തിലും, 96% മാർക്കോടെ എം വൈഷ്ണവ് കൊമേഴ്സ് വിഭാഗത്തിലും, 92.2% മാർക്കുമായി ഗൗതമി എം ങ്ങളി

ഷോബി ഹ്യൂമാനിറ്റീസ് വിഭാഗത്തിലും വിദ്യാലയത്തിൽ ഒന്നാമതെത്തി. അധ്യാപകരെ മാനസികമായും ബുദ്ധിപരമായും ഊർജ്ജസ്വലരാക്കുന്നതിനായി വിവിധ വിഷയങ്ങളിൽ നാല് ദിവസത്തെ അധ്യാപക പരിശീലനത്തോടെയാണ് ഈ അധ്യയനവർഷം ആരംഭിച്ചത്. വിദ്യാലയത്തിൽ ലോകപരിസ്ഥിതി ദിനം, വായനാദിനം, സ്കൂൾ പാർലമെന്റ് ഇലക്ഷൻ, രാമായണ മാസാചരണം, അന്തർദേശീയ സംഗീതദിനം, ഇൻസ്പെയർ 2023, ശാസ്ത്രമേള, കാർഷികദിനം, കാർഗിൽ വിജയദിനം, സംസ്കൃത ദിനാചരണം, കലാമേള സാരംഗ് 2023, ഫ്ളവേഴ്സ് ഡേ, കളേഴ്സ് ഡേ എന്നിങ്ങനെ വിവിധ പരിപാടികൾ വിപുലമായി ആഘോഷിച്ചു.

ഭാരതീയ വിദ്യാനികേതൻ ജില്ലാ ശാസ്ത്രമേളയിൽ വിദ്യാലയം 149 പോയിന്റോടെ ഓവറോൾ ചാമ്പ്യന്മാരായി. സംസ്ഥാന ശാസ്ത്രമേളയിൽ 14 കുട്ടികൾ പങ്കെടുക്കുകയും 3 പേർ ദേശീയതലത്തിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. ബിവിഎൻ സംസ്ഥാന യോഗാമത്സരത്തിൽ തരുൺ വിഭാഗം ആൺകുട്ടികളും, പെൺകുട്ടികളും ഒന്നാം സ്ഥാനം നേടി. സംസ്ഥാന ചെസ്സ് മത്സരത്തിൽ തരുൺ പെൺകുട്ടികളും, ബാലവിഭാഗം ആൺകുട്ടികളും, പെൺകുട്ടികളും ഒന്നാം സ്ഥാനവും, കിഷോർ വിഭാഗം ആൺകുട്ടികൾ മൂന്നാം സ്ഥാനവും നേടി. ബിവിഎൻ സംസ്ഥാന അത്‌ലറ്റിക് മീറ്റിൽ 22 കുട്ടികൾ പങ്കെടുത്തു. 26 ഇനങ്ങളിൽ ഒന്നാം സ്ഥാനം അടക്കം 34 സ്ഥാനങ്ങൾ നേടി. ബീഹാറിൽ വച്ച് നടന്ന ദേശീയ അത്‌ലറ്റിക് മീറ്റിൽ 1500 മീറ്റർ ഓട്ടത്തിൽ ബ്രോൺസൻ സിംഗ് ഏഴാം സ്ഥാനത്തെത്തി. സെൻട്രൽ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ 7വിദ്യാർത്ഥികൾ പങ്കെടുക്കുകയും 3 രണ്ടാം സ്ഥാനവും, 3 മൂന്നാം സ്ഥാനവും നേടുകയും ചെയ്തു. 4 വിദ്യാർത്ഥികൾ സംസ്ഥാന തലത്തിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടി. വിദ്യാഭാരതി ദേശീയ ഫുട്ബോൾ മത്സരത്തിൽ കിഷോർ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ കേരളടീമിലെ 15 പേരിൽ 7 കുട്ടികളും വിദ്യാലയത്തിൽ നിന്നുള്ളവരായിരുന്നു.

സിബിഎസ്ഇ വിദ്യാലയങ്ങൾ പങ്കെടുത്ത സഹോദയ കബഡി മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിലും, പെൺകുട്ടികളുടെ വിഭാഗത്തിലും മൂന്നാം സ്ഥാനം ലഭിച്ചു. തൃശ്ശൂർ സഹോദയ നടത്തിയ ഉജ്ജ്വൽ പ്രതിഭ മത്സരത്തിൽ അഞ്ജിത പ്രതാപ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. ജനം ടിവിയും സമർപ്പണ കൾച്ചറൽ ഓർഗനൈസേഷനും കൂടി സംഘടിപ്പിച്ച രാമായണ മത്സരങ്ങളിൽ വിദ്യാലയത്തിലെ 42 കുട്ടികൾ പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു. പഞ്ചാബിൽ വച്ച് നടക്കുന്ന നാഷണൽ റോളർ ഹോക്കി ചാമ്പ്യൻഷിപ്പിൽ കേരള ടീമിനെ പ്രതിനിധീകരിച്ചുകൊണ്ട് പങ്കെടുക്കാൻ വിദ്യാലയത്തിലെ സി എസ് കീർത്തന അർഹത നേടി. ATL ഉം Amazon future engineers ഉം കൂടി നടത്തിയ Pan-india innovation challenge solve for society 2023 മത്സരത്തിൽ പ്ലസ്ടു വിഭാഗത്തിലെ 5 കുട്ടികൾ വിജയിക്കുകയും 5 പേർക്കും ആമസോണിന്റെ 8000 രൂപയുടെ ക്യാഷ് വൗച്ചർ ലഭിക്കുകയും ചെയ്തു.

അരുൺ ഉദയ ക്ലാസുകളിലെ കുട്ടികളെ ഒരു ദിവസം വിദ്യാലയത്തിൽ താമസിപ്പിച്ചുകൊണ്ട് സഹവാസ ശിബിരം നടത്തി. പുഴയും പുഴയോരവും പരിചയപ്പെടുത്തുന്നതിനായി ആറങ്ങാലി മണപ്പുറത്തേക്ക് യാത്ര നടത്തി. രക്ഷാകർത്താക്കൾക്ക് നാല് വിഷയങ്ങളിൽ സോപാനം ക്ലാസുകൾ നടത്തി. കൊമേഴ്സ് വിഭാഗം കുട്ടികളെ ഇൻഡസ്ട്രിയൽ വിസിറ്റിന്റെ ഭാഗമായി സചീന്ദ്ര റബ്ബർ പ്ലസ് എൽഎൽപി , ഹ്യൂമാനിറ്റിസ് കുട്ടികളെ ഹൈക്കോടതി, സയൻസ് വിഭാഗത്തിന് ഐഎസ്ആർഒ എന്നിവിടങ്ങളിൽ ഈ വർഷം സന്ദർശനം നടത്തി. ചന്ദ്രയാൻ വിക്ഷേപണത്തോടനുബന്ധിച്ച് സിബിഎസ്ഇ, സ്റ്റേറ്റ് വിദ്യാലയങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഇന്റർ സ്കൂൾ ക്വിസ് മത്സരം വിദ്യാലയം സംഘടിപ്പിച്ചു. 11 വിദ്യാലയങ്ങൾ ഈ മത്സരത്തിൽ പങ്കെടുത്തു.

കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിന്റെ ഭാഗമായി കൊടകര ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യം അനുഭവിക്കുന്ന പത്ത് കുടുംബങ്ങൾക്ക് എല്ലാ മാസവും ഭക്ഷണ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്ന ഒരു പ്രവർത്തനം വിദ്യാലയം ഏറ്റെടുത്ത് നടത്തിവരുന്നു. അമേരിക്കൻ മലയാളികളുടെ കൂട്ടായ്മയായ അക്ഷരം മിഷൻ കഴിഞ്ഞ 2 വർഷമായി വിദ്യാലയത്തിലെ 10 കുട്ടികളുടെ മുഴുവൻ പഠന ചിലവും ഏറ്റെടുത്തു നടത്തിവരുന്നു. കഴിഞ്ഞ വർഷം മാത്രം നാലര ലക്ഷം രൂപയാണ് ഈ ഇനത്തിൽ വിദ്യാലയത്തിന് കൈമാറിയത്. വിദ്യാലയ സമിതി വൈസ് പ്രസിഡന്റ് ശ്രീമതി ജയശ്രീ ആർ മേനോന്റെ ശ്രമഫലമായാണ് ഇത് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി ശ്രീ കെ ആർ കൃഷ്ണാനന്ദ് കുട്ടികളുടെ പഠനാവശ്യത്തിന് ഒരു ലക്ഷം രൂപ സംഭാവനയായും, രക്ഷാകർത്താക്കളും അധ്യാപകരും ചേർന്ന് ഒരു ലക്ഷം രൂപയും വിദ്യാലയത്തിന് നൽകുകയുണ്ടായി. ഇതുവഴി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 9 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടെ പഠിക്കാൻ സാധിച്ചു. വിദ്യാലയത്തിലെ നല്ല സന്ദേശങ്ങൾ ഗ്രാമങ്ങളിലേക്കെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ വിദ്യാലയത്തിന് പുറത്ത് 50 ഗ്രാമ സാംസ്കാരിക സമിതികൾ നടത്തിവരുന്നു. ഇതിൽ 20 കേന്ദ്രത്തിൽ

ഗുരുപൂജ, രാമായണ മാസാചരണം, ഓണാഘോഷം എന്നിവ നടത്തി. കൂടാതെ വിദ്യാലയത്തിൽ നടത്തി വരാറുള്ള മാതൃപൂജ ഈ വർഷം 50 ഗ്രാമസമിതികൾ ചേർന്ന് 5 സ്ഥലങ്ങളിലായി നടത്തി. ഈ പരിപാടികളിൽ ആകെ 1570 പേർ പങ്കെടുത്തതിൽ 294 പേർ വിദ്യാലയത്തിന് പുറത്ത് നിന്നുള്ളവരായിരുന്നു എന്നത് ഏറെ സന്തോഷകരമാണ്.

### സ്വാമി വിവേകാനന്ദ ഹോസ്റ്റൽ, പേരാമ്പ്ര

വീടേ വിദ്യാലയം എന്ന അനുഭൂതി ഉണർത്തുന്ന രീതിയിൽ തികച്ചും സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഏറെ ശ്രദ്ധിച്ചുകൊണ്ട് ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ പ്രവർത്തനം കഴിഞ്ഞ 17 വർഷമായി നടത്തിവരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 12 കുട്ടികളാണ് ഈ വർഷം ഹോസ്റ്റൽ സൗകര്യം പ്രയോജനപ്പെടുത്തി വരുന്നത്.

### ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, നന്തിക്കര

ഫോൺ 9526757206, 9495849570

**Email:sreeramakrishna.srkvn@gmail.com**

**Website: www.sreeramakrishnavidyanikethan.com**

ഭാരതീയ സനാതന സംസ്കൃതിയുടെ മഹത്വത്തെ വിദ്യാഭ്യാസത്തിലൂടെ പുതുതലമുറയിലേക്ക് പകർന്ന് നൽകികൊണ്ട് സംസ്ക്കാരസമ്പന്നമായ യുവതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ വിവേകാനന്ദ ട്രസ്റ്റിന്റെ രണ്ടാമത്തെ സ്ഥാപനമായി 1995 ൽ പ്രവർത്തനമാരംഭിച്ചു. മാനേജർ ശ്രീ രാഗേഷ് സി, പ്രിൻസിപ്പാൾ ശ്രീമതി വിജയലക്ഷ്മി എന്നിവരുടെ നേതൃത്വത്തിൽ 2022-23 അദ്ധ്യയന വർഷത്തിൽ 1223 വിദ്യാർത്ഥികളും 105 അധ്യാപക-അനധ്യാപകരുമായാണ് വിദ്യാലയത്തിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്.

2022-23 അദ്ധ്യയനവർഷത്തിൽ സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ 97.6 ശതമാനം മാർക്ക് കരസ്ഥമാക്കി കുമാരി ഹീമ ഹേമരാജ്, കുമാരി മൈഥിലി മേനോൻ എന്നിവർ വിദ്യാലയത്തിൽ ഒന്നാമതെത്തി. 2 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിലും **A1** ലഭിച്ചു. 2 പേർ സംസ്കൃതത്തിലും, 2 പേർ ഐടിയിലും, ഒരു വിദ്യാർത്ഥി മലയാളത്തിലും, ഒരു വിദ്യാർത്ഥി ഫ്രഞ്ചിലും 100 ൽ 100 മാർക്കും കരസ്ഥമാക്കി. മികച്ച വിജയം നേടിയ വിദ്യാലയത്തിന് എം പി യുടെ എഡ്യൂക്കേഷണൽ എക്സലൻസ് അവാർഡ് ലഭിച്ചു.

ഭാരതീയ വിദ്യാനികേതൻ അനുശാസിക്കുന്ന പ്രവേശനോത്സവം, അന്താരാഷ്ട്ര യോഗാദിനം, വായനാദിനം, പരിസ്ഥിതി ദിനം, ഗുരുപൂജ, രക്ഷാബന്ധൻ, സ്വാതന്ത്ര്യദിനം, അദ്ധ്യാപക ദിനം എന്നിവ നല്ല രീതിയിൽ വിദ്യാലയത്തിൽ ആഘോഷിച്ചു. വിദ്യാലയത്തിലെ നല്ല പ്രവർത്തനങ്ങളും സന്ദേശങ്ങളും ഗ്രാമവ്യവസ്ഥയിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 40 സാംസ്ക്കാരിക കേന്ദ്രങ്ങൾ അഥവാ ഗ്രാമസമിതികൾ രൂപീകരിച്ചു. ഈ ഗ്രാമസമിതികളെ കേന്ദ്രീകരിച്ച് രാമായണ മാസാചരണം നടത്തി. കൂടാതെ നന്തിക്കര, നെല്ലായി, ആമ്പല്ലൂർ, പുതുക്കാട്, തലോർ, ആറാട്ടുപുഴ എന്നിവടങ്ങളിലായി സാമൂഹ്യരംഗത്തെ വിവിധ പ്രഗത്ഭ വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഗംഭീരമായ മാതൃപൂജകളും നടക്കുകയുണ്ടായി. ആകെ 860 കുട്ടികൾ മാതൃപൂജചെയ്തതിൽ 112 പേർ മറ്റു വിദ്യാലയങ്ങളിൽ നിന്നുള്ളവരായിരുന്നു.

പാഠ്യവിഷയങ്ങൾക്കൊപ്പം പാഠ്യേതര വിഷയങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകികൊണ്ട് വിദ്യാലയത്തിൽ യോഗാചാമ്പ്യൻഷിപ്പ്, കലാമേള, ശാസ്ത്രമേള, കായികമേള എന്നിവയും നല്ല രീതിയിൽ മുന്നോട്ട്പോകുന്നു. ഭാരതീയ വിദ്യാനികേതൻ ജില്ലാതല ഖൊ-ഖൊ ചാമ്പ്യൻഷിപ്പിൽ ശിശു, ബാല, കിഷോർ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജില്ലാ യോഗ ചാമ്പ്യൻഷിപ്പിൽ ശിശു ബോയ്സ്, ബാല ഗേൾസ് രണ്ടാം സ്ഥാനവും, കിഷോർ ബോയ്സും കിഷോർ ഗേൾസും മൂന്നാം സ്ഥാനവും നേടി. അഹല്യ പി ബി, മാധവ് കെ നായർ, എം എ ശ്രീനിധി, ആമ്പൽ കെ സൂരജ് എന്നിവർ വ്യക്തിഗത ചാമ്പ്യൻമാരായി. ജില്ലാതല ചെസ്സ് ചാമ്പ്യൻഷിപ്പിൽ ബാല ബോയ്സ്, ബാല ഗേൾസ്, കിഷോർ ഗേൾസ് എന്നീ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും കിഷോർ ബോയ്സ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. എ ബി അനന്തകൃഷ്ണൻ, കെ ആര്യ, കെ ആർ രാകുൽ, ടി ജെ പല്ലവി, പി രുചിക എന്നിവർ വ്യക്തിഗത ചാമ്പ്യന്മാരായി. സംസ്ഥാനതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം നേടിയ യോഗാസന ടീമിൽ 3 പേരും, രണ്ടാം സ്ഥാനം നേടിയ സംസ്ഥാന ചെസ്സ് ചാമ്പ്യൻഷിപ്പിൽ 7 കുട്ടികളും വിദ്യാലയത്തിൽ നിന്ന് തൃശ്ശൂർ ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

കഴിഞ്ഞ വർഷം നടന്ന ഭാരതീയ വിദ്യാനികേതൻ ജില്ലാ കായികമേളയിലും കലാമേളയിലും വിദ്യാലയം ഓവറോൾ ഒന്നാം സ്ഥാനം നേടി. ഈ വർഷം ഭാരതീയ വിദ്യാനികേതൻ ജില്ലാ ശാസ്ത്രമേളയിൽ 145 പോയിന്റോടെ വിദ്യാലയം രണ്ടാം സ്ഥാനം കരസ്ഥമാക്കി. സംസ്ഥാനതല ശാസ്ത്രമേളയിൽ മാത്സ് പ്രാക്ടിക്കൽ വിഭാഗത്തിൽ ശ്രീഹരി വി രാജേഷ് ഒന്നാം സ്ഥാനവും സയൻസ് മോഡലിൽ റോസ് മേജോ രണ്ടാം സ്ഥാനവും, മാത്സ് പേപ്പർ പ്രസന്റേഷനിൽ എം ഡി നിരഞ്ജൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സിബിഎസ്ഇ സഹോദയ അധ്യാപക കലോത്സവത്തിൽ 13 അധ്യാപകർ പങ്കെടുത്ത് നല്ല പ്രകടനം കാഴ്ചവച്ചു. സിബിഎസ്ഇ സഹോദയ സ്കൂൾ കലോത്സവത്തിൽ പ്രണവ് പി മാരാർ മൃദംഗം ഫസ്റ്റ് എ ഗ്രേഡും, പെയ്ന്റിംഗ് ക്രയോൺസിൽ അനഘ് സി അഞ്ജനൻ സെക്കന്റ് എ ഗ്രേഡും, ശ്രേയ എം ഫോക്ക് ഡാൻസ് സെക്കന്റ് എ ഗ്രേഡും, സംഘഗാനത്തിന് തേർഡ് എ ഗ്രേഡും കരസ്ഥമാക്കി. **ENDZEIL SGADF** യോഗാസന ചാമ്പ്യൻഷിപ്പിൽ വിദ്യാലയം ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിദ്യാഭാരതി ദേശീയ അത്‌ലറ്റിക്സിൽ ശ്രേയ സുരേഷ്കുമാർ നാലാം സ്ഥാനം നേടി. സത്യസായി സേവാ സംഘടന നടത്തിയ ഉപന്യാസ മത്സരത്തിൽ മഹാദേവ് എം മുരളി ഒന്നാം സ്ഥാനവും, അനാമിക വിനോദ് രണ്ടാം സ്ഥാനവും നേടി.

തൃശ്ശൂർ ജില്ലാകളക്ടർ ശ്രീ കൃഷ്ണതേജ ഐഎഎസ് അവർകളുടെ നിർദ്ദേശപ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 6 അതിദരിദ്ര കുടുംബങ്ങളെ വിദ്യാലയം ഏറ്റെടുക്കുകയും അവർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങളും മറ്റ് അവശ്യ വസ്തുക്കളും എല്ലാ മാസവും കൊടുത്തുക്കൊണ്ടിരിക്കുന്നു.

## വിവേകാനന്ദ വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, വരന്തരപ്പിള്ളി

ഫോൺ 0480 2761605
Email:vvnvply@gmail.com

മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ഭാരതീയ വിദ്യാനികേതന്റെ പഞ്ചാംഗശിക്ഷണത്തിലൂടെ ഉത്തമപൗരൻമാരെ വാർത്തെടുക്കുന്നതിന് യത്നിക്കുന്ന വിവേകാനന്ദ വിദ്യാനികേതൻ അതിന്റെ ഇരുപത്തിയൊന്നാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. എൻഐഒഎസ് അംഗീകാരത്തോടെ ശിശുവാടിക മുതൽ ഏഴാം ക്ലാസ് വരെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ മോണ്ടിസോറി ഉൾപ്പെടെ 11 ഡിവിഷനുകളിലായി 143 വിദ്യാർത്ഥികളും 13 അധ്യാപകരും 7 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. ശ്രീ തിലകൻ അയ്യഞ്ചിറ മാനേജരായും ശ്രീമതി രമാദേവി പ്രാധാന അധ്യാപികയായും വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുക്കൊണ്ടിരിക്കുന്നു.

ലോകപരിസ്ഥിതി ദിനം, വായനാദിനം, അന്താരാഷ്ട്ര യോഗാദിനം, രാമായണ മാസാചരണം, ഗുരുപൂർണിമ, ചാന്ദ്രദിനം, കാർഗിൽ വിജയദിനം, സ്വാതന്ത്ര്യദിനം, രക്ഷാബന്ധൻ, സംസ്കൃതദിനം, കർഷകദിനം, ഓണാഘോഷം, നവരാത്രി, മാതൃപൂജ എന്നിവ പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുവാൻ സാധിച്ചു. ശിശുവാടിക വിദ്യാർത്ഥികൾക്കായി കളേഴ്സ് ഡേയും ശിശുദിനത്തിൽ പ്രച്ഛന്നവേഷ മത്സരവും നടത്തി. ശിശുവാടികയിൽ 32 വർഷം പൂർത്തിയാക്കിയ കുട്ടികൾക്ക് കെജി ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകിയ കോൺവെക്കേഷൻ സെറിമണി നടത്തി. കേരള എഡ്യൂക്കേഷണൽ കൗൺസിലിന്റെ അംഗീകാരത്തോടെ വിവേകാനന്ദ അക്കാദമി ഓഫ് മോണ്ടിസോറി പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം മുതൽ വിദ്യാലയത്തിൽ ആരംഭിച്ചു. 7 പേരാണ് ആദ്യ ബാച്ചിലുള്ളത്. കുട്ടികളുടെ പങ്കാളിത്തത്തോടെ വേസ്റ്റ് സാമഗ്രികളിൽ നിന്ന് ബോധി എന്ന പേരിൽ കുട്ടികളുടെ ഒരു പാർക്ക് നിർമ്മിച്ചു.

രാമായണ മാസാചരണത്തിന്റെ ഭാഗമായി ദശപുഷ്പങ്ങളുടേയും ഔഷധസസ്യങ്ങളുടേയും പ്രദർശനം സംഘടിപ്പിച്ചു. മോണ്ടിസോറി വിദ്യാർത്ഥികളും മാതൃസമിതി അംഗങ്ങളും സംയുക്തമായി ഔഷധമൂല്യവും പഴമയുടെ രുചിയും ചേർന്ന ഭക്ഷ്യമേള ഒരുക്കി. ഹെൽത്ത് ക്ലബിന്റെ ആഭിമുഖ്യത്തിൽ മലബാർ നേത്ര ഹോസ്പിറ്റൽ വിദ്യാലയത്തിൽ നേത്രപരിശോധനാ ക്യാമ്പ് നടത്തി. പഠനയാത്രയുടെ ഭാഗമായി തൈക്കാട്ടുശ്ശേരി ആയുർവ്വേദ മ്യൂസിയം സന്ദർശിച്ചു. **MY RADIO 90 FM** കുട്ടി ആർ ജെ ആയി കെ എ ആദിലക്ഷ്മി തിരഞ്ഞെടുക്കുകയും റേഡിയോയിലൂടെ 3 മണിക്കൂർ പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തു. കൂടാതെ ആർ ജെ ആയി അധ്യാപിക എം എസ് രമ്യയെയും തിരഞ്ഞെടുത്തു. നവരാത്രിയോടനുബന്ധിച്ച് സംഗീത മണ്ഡപം ഒരുക്കുകയും അധ്യാപകരും, വിദ്യാർത്ഥികളും, രക്ഷിതാക്കളും ദിവസേന സംഗീതാർച്ചന നടത്തുകയും ചെയ്തു. വിദ്യാലയത്തിൽ നടത്തിവരുന്ന കരാട്ടെ ക്ലാസിലെ 25 കുട്ടികൾ ബെൽറ്റ് ഗ്രേഡിംഗിൽ പങ്കെടുക്കുകയും യെല്ലോ ബെൽറ്റ് നേടുകയും ചെയ്തു. ശിശുവാടികയിലെ രക്ഷിതാക്കൾക്കായി സോപാനം ക്ലാസുകൾ നടത്തി. വിദ്യാലയത്തിന്റെ പ്രവർത്തനം ഗ്രാമങ്ങളിലേക്കെത്തിക്കാൻ ഈ വർഷം 6 ഗ്രാമസമിതികൾക്ക് രൂപംകൊടുത്തു. വിദ്യാലയത്തിന്റെ വാർഷികം സിനിമ ഡയറക്ടറും ആർട്ടിസ്റ്റുമായ ശ്രീ അമ്പിളി ഉദ്ഘാടനം ചെയ്തു.

## ജനത യു.പി.സ്കൂൾ, വരന്തരപ്പിള്ളി

ഫോൺ 0480 2763858

**Email:jupskulvarandarappilly@gmail.com**

ട്രസ്റ്റിന്റെ നാലാമത് സ്ഥാപനമായ ജനത സ്കൂളിൽ 5,6,7 ക്ലാസ്സുകളിൽ ഇംഗ്ലീഷ്-മലയാളം മീഡിയങ്ങളിലായി 114 കുട്ടികൾ പഠിക്കുന്നു. ശ്രീ കെ ആർ ദിനേശൻ മാനേജരായും ശ്രീമതി കെ രജനി ഹെഡ്മിസ്ട്രസ്സ് ആയും വിദ്യാലയത്തിൽ 7 അധ്യാപകരും ഒരു അനധ്യാപക ജീവനക്കാരനുമാണ് ഉള്ളത്.

നവാഗതരായ കുട്ടികളെ സമ്മാനങ്ങൾ നൽകികൊണ്ടാണ് വരവേറ്റത്. പ്രശസ്ത മിമിക്രി കലാകാരനും നാടൻപ്പാട്ട് ഗായകനുമായ ശ്രീ മുരളി ചാലക്കുടി പരിപാടികൾ അവതരിപ്പിച്ചു. വുമൻസെൽ തൃശ്ശൂർ റൂറൽ സർക്കിൾ ഇൻസ്പെക്ടർ ടി ഐ എൽസി കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ് എടുത്തു. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും സുസ്ഥിരമായ സമ്പ്രദായങ്ങൾ സ്വീകരിക്കാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്ന തരത്തിലുമാണ് ലോകപരിസ്ഥിതിദിനം ആചരിച്ചത്. കൂടാതെ വിദ്യാലയത്തിൽ വായനാദിനം, ലഹരി വിരുദ്ധദിനം, ഗാന്ധി ജയന്തി, സി വി രാമൻ ജന്മദിനം, കേരളപ്പിറവി, ലോകകൈകഴുകൽ ദിനം, ലോകഭക്ഷ്യദിനം, ഹിന്ദി ദിനം, ഓണം എന്നിവയും ആഘോഷിച്ചു. വിദ്യാർത്ഥികളുടെ ആശയവിനിമയ കഴിവുകൾ വർദ്ധിപ്പിക്കാനും ഇംഗ്ലീഷ് ഭാഷാ വികസനത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനും വേണ്ടി **NMM (Nurturing Multilingual Minds)** എന്ന പേരിൽ ഇംഗ്ലീഷ് ഭാഷാ പഠന പരിപാടിക്ക് തുടക്കം കുറിച്ചു. സ്കൂൾ ലീഡർ, ആർട്സ് ക്യാപ്റ്റൻ, സ്പോർട്സ് ക്യാപ്റ്റൻ എന്നിവർക്കായി വിദ്യാലയത്തിൽ ഇലക്ഷൻ നടത്തുകയും സ്കൂൾ ലീഡറായി അനുപ്രിയ ഷാന്റോ, സ്പോർട്സ് ക്യാപ്റ്റനായി പി ആർ അശ്വിൻ, ആർട്സ് ക്യാപ്റ്റനായി അഫ്കർ മിസ്സാജ് എന്നിവർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞാ ചടങ്ങ് നടത്തുകയും ജനാധിപത്യ ഭരണരീതിയെപ്പറ്റി കുട്ടികൾക്ക് അവബോധം കൊടുക്കുകയും ചെയ്തു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുത്തൽ, ദേശഭക്തിഗാന മത്സരം, പ്രസംഗമത്സരം, ക്വിസ്, പതാക നിർമ്മാണം, പ്രച്ഛന്നവേഷ മത്സരം തുടങ്ങിയ പരിപാടികൾ നടത്തി. ലോകതപാൽ ദിനത്തിൽ പോസ്റ്റോഫീസ് സന്ദർശനം നടത്തുകയും കൂട്ടുകാർക്ക് കത്ത് എഴുതാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ചേർപ്പ് ഉപജില്ലാ കലാമേളയിൽ ഹിന്ദി പ്രസംഗം ഒന്നാം സ്ഥാനം, ഉറുദു കവിത രണ്ടാം സ്ഥാനം, ഹിന്ദി കഥാരചന രണ്ടാം സ്ഥാനം, ഹിന്ദി കവിത ചൊല്ലൽ മൂന്നാം സ്ഥാനം, ഇംഗ്ലീഷ് പ്രസംഗം മൂന്നാം സ്ഥാനം, സംസ്കൃത ക്വിസ് രണ്ടാം സ്ഥാനം, സംസ്കൃത പ്രസംഗം മൂന്നാം സ്ഥാനം, എന്നിവ നേടിയെടുക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു. സർക്കാർ ഫണ്ട് ഉപയോഗിച്ച് പാചകപ്പുരയുടേയും സ്റ്റോർ റൂമിന്റെയും നിർമ്മാണം ഈ വർഷം പൂർത്തീകരിച്ചു.

## ഹരിശ്രീ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, തുമ്പൂർ

ഫോൺ : 0480 2788858, 7356836957

**Email: harisreevidyanikethan@yahoo.com**

മികവുറ്റ സംസ്ക്കാരത്തോടെ വിശ്വമാനവനായി വളരാം എന്ന കാഴ്ചപ്പാടോടെ വിവേകാനന്ദ ട്രസ്റ്റിന്റെ ആറാമത് സ്ഥാപനമായി പ്രവർത്തനമാരംഭിച്ച ഹരിശ്രീ വിദ്യാനികേതൻ 15 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. വിദ്യാലയം ഗ്രാമത്തിന്റെ ചേതനാകേന്ദ്രം ആയിരിക്കണമെന്ന ഭാരതീയ വിദ്യാനികേതന്റെ ആശയത്തിൽ നിന്നും പ്രേരണ ഉൾക്കൊണ്ട് വിദ്യാലയത്തോടൊപ്പം ഗ്രാമവും വളരുക എന്ന ലക്ഷ്യം വെച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 12 ഡിവിഷനുകളിലായി 231 വിദ്യാർത്ഥികളും 14 അധ്യാപകരും 6 അനധ്യാപകരും സേവനമനുഷ്ഠിക്കുന്ന വിദ്യാലയത്തിലെ പ്രധാന അധ്യാപിക ശ്രീമതി ബിന്ദുസോമനാണ്. സിബിഎസ്ഇ പാഠ്യപദ്ധതി പിന്തുടരുന്ന വിദ്യാലയത്തിൽ കുട്ടികളുടെ സമഗ്രമായ വികാസത്തിനായി ഭാരതീയ വിദ്യാനികേതൻ അനുശാസിക്കുന്ന പഞ്ചാംഗ ശിക്ഷണത്തിലൂടെ വ്യക്തിത്വവികസനവും, ചതുർഭാഷാ പഠനവും ഉറപ്പുവരുത്തുന്നു. വിദ്യാർത്ഥികളുടെ കഴിവനുസരിച്ചും അഭിരുചിക്കനുസരിച്ചും കോ കരിക്കുലർ ആക്ടിവിറ്റീസ് അഭ്യസിപ്പിക്കുന്നതോടെ വിവിധ തലങ്ങളിലേക്കുള്ള കുട്ടികളുടെ വികസനം നൂറു ശതമാനം സാധ്യമാക്കുവാൻ കഴിയുന്നു.

ഭാരതീയ വിദ്യാനികേതൻ ജില്ലാ ശാസ്ത്രമേളയിൽ മാത്സ് വർക്കിംഗ് മോഡലിൽ കിഷോർ വിഭാഗത്തിൽ സ്റ്റീഫ് മനക്കൽ ഒന്നാം സ്ഥാനവും, ബാല വിഭാഗത്തിൽ കൃഷ്ണപ്രിയ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ഫുട്ബോൾ മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ച തൃശ്ശൂർ ജില്ലാടീമിൽ വിദ്യാലയത്തിലെ എ വി അക്ഷജ് അംഗമായിരുന്നു. ബിവിഎൻ സംസ്ഥാന അത്ലറ്റിക് മീറ്റിൽ ഒന്നാം സ്ഥാനം ലഭിച്ച 400 മീറ്റർ റിലേ മത്സരത്തിൽ വിദ്യാലയത്തിലെ വി എസ് ആദിത്യൻ അംഗമായിരുന്നു. സംസ്ഥാന ചെസ്സ് മത്സരത്തിൽ അഭിനവ് ബാബു

മൂന്നാം സ്ഥാനം നേടി. ബിവിഎൻ ജില്ലാ ഖൊ-ഖൊ മത്സരത്തിൽ ശിശു വിഭാഗത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു. ജില്ലാ ശാസ്ത്ര മേളയിൽ 3 ഇനങ്ങളിൽ ഒന്നാം സ്ഥാനവും 5 ഇനങ്ങളിൽ രണ്ടാം സ്ഥാനവും ഒരു ഇനത്തിൽ മൂന്നാം സ്ഥാനവും നേടുകയും ചെയ്തു. .

എന്റെ ഗ്രാമം സ്വാസ്ഥ്യ ഗ്രാമം എന്ന പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിലെ മാതൃഭാരതി, ക്ഷേമസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ കർക്കിടക മരുന്നുണ്ട ഉണ്ടാക്കി വൃദ്ധസദനങ്ങളിൽ സൗജന്യമായും മറ്റ് ആവശ്യക്കാർക്കും വിതരണം ചെയ്തു. ഓണാഘോഷത്തോടനുബന്ധിച്ച് കടലോരപ്രദേശവാസികൾക്ക് ഓണക്കിറ്റുകൾ വിതരണം ചെയ്തു. യോഗാപരിശീലനം, ആരോഗ്യബോധവത്ക്കരണ ക്ലാസ്, പാരന്റിംഗ് ക്ലാസ്, രാമായണ പാരായണം എന്നിവ ഗ്രാമസമിതികളിലൂടെ നടത്തിവരുന്നു. സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള ലഹരിയുടെ ഉപയോഗം തടയുന്നതിനായി യോദ്ധാവ് എന്ന പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. അതിനുപുറമെ കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചക്ക് വേണ്ടി കൗൺസലിംഗ് ക്ലാസുകളും, ഏതൊരു വെല്ലുവിളിയെയും നേരിടാൻ ബാലികാശിക്ഷൺ ക്ലാസുകളും വിദ്യാലയത്തിൽ നടത്തിവരുന്നു. മികച്ച അക്കാദമിക് നിലവാരം പുലർത്തിവരുന്ന വിദ്യാലയത്തിൽ കുട്ടികളിൽ ജീവിത മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനായി പ്രധാനപ്പെട്ട ദിനങ്ങളായ വായനാദിനം, യോഗാദിനം, ഗുരുപൂജ, ഓണം, മാതൃപൂജ, അഖണ്ഡഭാരത ദിനം, സ്വാതന്ത്ര്യദിനം, രക്ഷാബന്ധൻ, രാമായണ മാസാചരണം, വയോജനദിനം, പരിസ്ഥിതിദിനം, ഗാന്ധിജയന്തി, വനിതാദിനം, ശിശുദിനം, റിപ്പബ്ലിക് ഡേ തുടങ്ങിയവ ഭംഗിയായി ആഘോഷിച്ചുവരുന്നു. കുട്ടികളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ടാലന്റ് എക്സാം, കരാട്ടെ ചാമ്പ്യൻഷിപ്പ്, അബാക്കസ് കോമ്പറ്റീഷൻ എന്നിവ നടത്തിവരുന്നു. ശിശുവാടിക കുട്ടികൾക്ക് വേണ്ടി കിഡ്സ് ഫെസ്റ്റ്, ഫ്രൂഡ്സ് ഡേ, കളേഴ്സ് ഡേ, വെജ്റ്റബിൾസ് ഡേ തുടങ്ങിയ പരിപാടികളും രക്ഷാകർത്താക്കൾക്ക് വേണ്ടി സോപാനം ക്ലാസുകളും നടത്തി വരുന്നു. ഇതിനുപുറമെ ആർട്സ് ഡേ, സ്പോർട്സ് ഡേ, ആനുവൽ ഡേ, പാർലമെന്ററി ഇലക്ഷൻ എന്നിവയും വിദ്യാലയത്തിൽ നടത്തി വരുന്നു.

അദ്ധ്യാപകർ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് വിദ്യാർത്ഥികളുടെ ചുറ്റുപാടുകളും വീട്ടിലെ അന്തരീക്ഷവും മനസിലാക്കി അവർക്കുവേണ്ടതായ എല്ലാവിധ പിന്തുണയും നൽകി വരുന്നു. വളർന്ന് വരുന്ന തലമുറയെ ഭാരതാംബയുടെ മക്കളായി ജീവിക്കുവാൻ പ്രേരിപ്പിക്കുക എന്നതുവഴി സമത്വം, സാഹോദര്യം എന്നിവ ഊട്ടിയുറപ്പിക്കുക എന്നൊരു ലക്ഷ്യവും മുൻനിർത്തി വിദ്യാലയം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ട്രസ്റ്റിന്റെ പ്രവർത്തനം 30-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ശൈശവത്തിൽ നിന്ന് ബാല്യത്തിലേക്കും തുടർന്ന് ഒരു കുഞ്ഞിന്റെ വളർച്ചപോലെ നിരവധി തലങ്ങളിലൂടെയാണ് ട്രസ്റ്റിന്റെയും വളർച്ച എന്ന് നമുക്ക് കാണാം. ലളിതമായ രീതിയിൽ ആരംഭിച്ച് ഒട്ടനവധി പ്രതിസന്ധികൾ തരണം ചെയ്ത് വളർച്ചയുടെ പടവുകൾ താണ്ടി ഇന്ന് ഒരാശ്വാസത്തിന് വക നൽകുന്ന രീതിയിൽ നമ്മുടെ പ്രവർത്തനങ്ങൾ എത്തി നിൽക്കുന്നു. 'കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന' - ലാഭേച്ഛകൾ പ്രതീക്ഷിക്കാതെ കർമ്മങ്ങൾ ചെയ്യുക എന്ന ഗീതാവചനത്തെ മുൻനിർത്തി സമൂഹത്തിന്റെ പ്രതീക്ഷക്കനുസരിച്ച്, മാതൃകാപരമായ വികസന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി ട്രസ്റ്റിന്റെ യാത്ര തുടരുന്നു. ചെയ്ത് തീർക്കേണ്ട ഉത്തരവാദിത്വങ്ങൾ നിരവധിയാണ്. പാതിവഴിയിൽ മാത്രമായി എത്തിച്ചേർന്നിട്ടുള്ള സ്ഥാപനങ്ങളെ ഇനിയും മുൻനിരയിലേക്ക് എത്തിക്കേണ്ടതുണ്ട്. ഇനിയും മുന്നോട്ടുള്ള യാത്രയിൽ നിരവധി ജനക്ഷേമപദ്ധതികളും, സാമൂഹ്യ സേവന പ്രവർത്തനങ്ങളും നടപ്പാക്കേണ്ടതുണ്ട്. സമൂഹ നന്മയും, ശാക്തീകരണവും മാത്രം ലക്ഷ്യമാക്കി മുന്നേറുവാൻ ഇനിയും ഒട്ടനവധി സജ്ജനങ്ങളുടെ സഹായ സഹകരണങ്ങൾ ആവശ്യമാണ്. സാമൂഹ്യ-സാംസ്ക്കാരിക-വിദ്യാഭ്യാസ മേഖലകളിലൂടെ രാഷ്ട്രപുനർ നിർമ്മാണത്തിനായി ട്രസ്റ്റിന്റെ മുന്നോട്ടുള്ള യാത്ര അനസ്യൂതം തുടരുന്നു. ഇതുവരെ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് താങ്ങായി നിന്ന മുഴുവൻ സജ്ജനങ്ങളേയും കൃതജ്ഞതാപൂർവ്വം ഓർക്കുന്നു.

എന്ന്,

രാഷ്ട്രസേവനാർത്ഥം,

ചെയർമാൻ
എൻ.പി.മുരളി

സെക്രട്ടറി
ടി.സി.സേതുമാധവൻ

## FORM NO.10B

(See rule 16CC and 17B)

### AUDIT REPORT UNDER CLAUSE (b) OF THE TENTH PROVISO TO CLAUSE (23C) OF SECTION 10 AND SUB-CLAUSE (ii) OF CLAUSE (b) OF SUBSECTION (1) OF SECTION 12A OF THE INCOME TAX ACT 1961, IN THE CASE OF A FUND OR TRUST OR INSTITUTION OR ANY UNIVERSITY OR OTHER EDUCATIONAL INSTITUTION OR ANY HOSPITAL OR OTHER MEDICAL INSTITUTION.

We have examined the balance sheet of VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST as at 31-Mar-2023 and the Income and Expenditure account or Profit and Loss account for the year ended on that date are in agreement with the books of account maintained by the said fund or trust or institution or university or other educational institution or hospital or other medical institution.

We have obtained all the information and explanations to the best of our knowledge and belief which are necessary for the purposes of the audit.

In our opinion, proper books of account have been maintained at the registered office of the above named fund or trust or institution or university or other educational institution or hospital or other medical institution at the address mentioned at serial number 14 of the Annexure:

In our opinion and to the best of our information and according to explanations given to us, the partuculars give in the Annexure are true and correct subject to following observations or qualifications-

In our opinion and to the best of our information, and according to information given to us, the said accounts give a true and fair view-

(i) in the case of the balance sheet, of the state of affairs of the above named trust as on 31st March 2023; and

(ii) in the case of the Income and Expenditure account or profit and loss account, of the income and application or profit or loss of its accounting year ending on 31st March 2023.

| | | |
|---|---|---|
| | **Name** | **SURESH T A** |
| | **Membership Number** | **ARCA205949** |
| | **FRN (Firm Registration Number)** | **009612S** |
| **THRISSUR** | **Address** | **MANNATH LANE, THRISSUR** |
| **27/10/2023** | | |

VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST , KODAKARA

## CONSOLIDATED BALANCE SHEET AS ON 31.03.2023

| CAPITAL £ LIABILITIES | 31.03.2023 | 31.03.2022 |
|---|---|---|
| Capital Account | 10,000.00 | 10000.00 |
| Reserve & Surplus | 4,51,29,051.42 | 3,51,94,126.15 |
| Government Grant | 2,80,000.00 | 68,664.00 |
| Secured loan | 56,66,844.53 | 1,36,03,771.07 |
| Un secured loan | 32,82,787.00 | 39,23,703.00 |
| Deposits | 8,82,404.00 | 12,25,179.00 |
| Current liabilities | 84,37,961.10 | 1,24,33,735.75 |
| **Total Rs** | **6,36,89,048.05** | **6,64,59,178.97** |

| PROPERTIES & ASSETS | 31.03.2023 | 31.03.2022 |
|---|---|---|
| Fixed assets | 5,92,88,947.88 | 6,36,35,220.23 |
| Deposits | 7,87,029.31 | 8,31,068.69 |
| Current assets & Loans & advances | | |
| A. Current assets | 12,53,327.48 | 19,74,706.05 |
| B. Loans & advances | 23,59,743.38 | 18,184.00 |
| **Total Rs** | **6,36,89,048.05** | **6,64,59,178.97** |

CHAIRMAN SECRETARY TREASURER

For SURESH NAIR AND ASSOCIATES

CHARTERED ACCOUNTANTS

THRISSUR
27/10/2023

SURESH T. A. FCA, DISA (ICAI)

(PARTNER)

(M.No.205949 FRN. :009612S)

## VIVEKANANDA EDUCATIONAL & CULTURAL CHARITABLE TRUST, KODAKARA
## CONSOLIDATED INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED ON 31.03.2023

| | EXPENDITURE | AMOUNT | | INCOME | AMOUNT |
|---|---|---|---|---|---|
| To | Opening stock | 1,07,789.00 | By | Admission Fees | 22,07,200.00 |
| " | Advertisement | 2,21,480.00 | " | Application Fee | 73,550.00 |
| " | AMC | 36,594.00 | " | Bank Interest | 83,381.00 |
| " | ATL Related event | 75,000.00 | " | Digital Education Fee | 39,08,276.00 |
| " | Bank Charges | 83,224.66 | " | Donation | 38,91,601.00 |
| " | Bike Expense | 18,346.00 | " | Loss of Pay | 60,646.00 |
| | BVN Contribution | 5,86,282.00 | " | Mess fee | 10,58,075.00 |
| " | BVN District kalamela | 1,44,786.00 | " | Other Income | 94,736.00 |
| " | Building Insurance | 15,582.00 | " | Text book | 40,42,736.00 |
| " | Building & Land Tax | 19,206.00 | " | Membership Fees | 15,000.00 |
| " | Building Fitness Expense | 1,000.00 | " | Special Fee | 66,21,610.00 |
| " | CBSE Affiliation Renewal | 2,13,027.00 | " | Tuition Fee | 3,97,79,212.00 |
| " | Cleaning Expense | 17,169.00 | " | Vidhya Suraksha Nidhi | 7,99,368.00 |
| " | Computer Expense | 1,43,864.00 | " | Vehicle Fee | 2,10,37,012.00 |
| " | Coolie & daily wages | 3,66,150.00 | " | Establishment fee | 78,000.00 |
| " | Digital Education | 12,71,703.00 | " | Pre-Kg fee | 2,51,000.00 |
| " | Electrical Maintenance | 2,92,915.00 | " | Extra curricular activity | 2,80,039.00 |
| " | Electricity Charges | 6,67,218.00 | " | Government Grant | 1,88,664.00 |
| " | ESI & PF | 33,70,808.00 | " | Closing stock | 1,54,021.00 |
| " | Extra curricular expense | 2,01,950.00 | | (As valued & Certified | |
| " | Endowment | 5,000.00 | | by the secretary) | |
| " | Food Expenses-Hostel | 6,84,245.00 | | | |
| " | Fire & Safety expense | 12,720.00 | | | |
| " | Filing Charge | 27,873.00 | | | |
| " | Fees Concession & Discount | 20,38,754.50 | | | |
| " | Gratuity | 1,29,087.00 | | | |
| " | Garden expense | 96,531.00 | | | |
| " | Generator expense | 93,783.00 | | | |
| " | Government Grant utilised | 1,20,000.00 | | | |
| " | Loan Interest & Charges | 9,10,214.22 | | | |
| " | Internet Expense | 66,739.00 | | | |
| " | ISO Expense | 9,500.00 | | | |
| " | Lab Expense | 58,400.00 | | | |
| " | Medical Expense | 30,871.00 | | | |
| " | Meeting Expense | 29,041.00 | | | |
| " | Miscellaneous Expense | 13,037.00 | | | |
| " | News paper & Periodicals | 33,031.00 | | | |
| " | NIOS Affiliation Expense | 53,150.00 | | | |
| " | Other Programme Expense | 17,32,146.00 | | | |
| " | Other Expense | 53,412.00 | | | |
| " | Plumbing Expense | 36,277.00 | | | |
| " | Postage | 1,326.00 | | | |
| " | Printing & Stationery | 12,26,178.00 | | | |

| EXPENDITURE | AMOUNT | INCOME | AMOUNT |
|---|---|---|---|
| " Painting Expense | 6,63,981.00 | | |
| " Proffessional charges | 7,000.00 | | |
| " Property Tax | 4,432.00 | | |
| " Rent | 12,000.00 | | |
| " Repairs & Maintenance | 19,34,940.00 | | |
| " Salary & Allowance | 3,16,14,309.00 | | |
| " Software Expense | 50,725.00 | | |
| " Sports & Game Expense | 1,57,792.00 | | |
| " Staff Welfare Expense | 4,72,285.00 | | |
| " Teachers training expense | 72,781.00 | | |
| " Telephone Charge | 24,322.00 | | |
| " Text Book | 31,64,030.00 | | |
| " Travelling Expense | 2,61,808.00 | | |
| " TDS Interest | 201.00 | | |
| " TV Expense | 14,160.00 | | |
| " Audit fee | 50,740.00 | | |
| " Vehicle Expense | 1,21,46,138.00 | | |
| " Vehicle Hiring | 17,32,990.00 | | |
| " Vehicle Loan Interest | 2,25,958.00 | | |
| " Water Charges | 2,400.00 | | |
| " Website Expense | 17,000.00 | | |
| " Depreciation | 67,43,800.34 | | |
| " Excess of Income over Expenditure | 99,34,925.28 | | |
| **Total Rs.** | **8,46,24,127.00** | **Total Rs.** | **8,46,24,127.00** |

**CHAIRMAN** **SECRETARY** **TREASURER**

**For SURESH NAIR AND ASSOCIATES**
**CHARTERED ACCOUNTANTS**
**SURESH T. A. FCA, DISA (ICAI)**
**(PARTNER)**
**(M.No.205949 FRN. :009612S)**

**THRISSUR**
**27/10/2023**




ഹരിശ്രീ വിദ്യാനികേതന്റെ നേതൃത്വത്തിൽ
കടലോര മേഖലയിൽ ഓണക്കിറ്റ് വിതരണം



വിവേകാനന്ദ വിദ്യാലയത്തിൽ നടത്തിവരുന്ന കരാട്ടെ
ക്ലാസിലെ യെല്ലോ ബെൽട്ട് നേടിയ വിദ്യാർത്ഥികൾ



സരസ്വതി വിദ്യാനികേതൻ അന്താരാഷ്ട്രയോഗ ദിനത്തിൽ
കൊടകര ടൗണിൽ നടത്തിയ യോഗാപ്രദർശനം



പറപ്പൂക്കര പഞ്ചായത്തിലെ അതിദരിദ്ര കുടുംബങ്ങളെ ശ്രീരാമകൃഷ്ണ സ്കൂൾ ഏറ്റെ
ടുക്കുന്ന ചടങ്ങ് ബഹു എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ
നിർവ്വഹിക്കുന്നു.



ഹരിശ്രീ വിദ്യാനികേതനിൽ ഓണാഘോഷത്തിന്റ ഉദ്ഘാടനം സിനിമാ ക്യാമറാമാൻ ശ്രീ
നന്ദകുമാർ തോട്ടത്തിൽ നിർവ്വഹിക്കുന്നു.



ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ വാർഷികാഘോഷം സിനിമാതാരം
ഡോ. സ്വാതി നാരായണൻ ഉദ്ഘാടനം ചെയ്യുന്നു.



ജനത സ്കൂൾ പ്രവേശനോത്സവത്തിൽ സെക്രട്ടറി
ശ്രീ ടി . സി. സേതുമാധവൻ സമ്മാനവിതരണം നടത്തുന്നു



ട്രസ്റ്റ് സംഘടിപ്പിച്ച അധ്യാപക പരിശീലനം സി. ബി. എസ്. ഇ. ജില്ലാ കോർഡിനേറ്റർ
ഡോ. എം. ദിനേഷ്ബാബു നയിക്കുന്നു.

